സ.ഉ.(കൈ) നം.45/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊയിലാണ്ടി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട രാജൻ.കെ-യുടെ മകൻ ശ്രീ.നന്ദു ബി.ആർ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.45/2023/LSGD തീയതി,തിരുവനന്തപുരം, 09-02-2023

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ (പി)നം.12/99/ഉ.ഭ.പ.വ .
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ.
3. ശ്രീ.നന്ദു ബി.ആർ സമർ പ്പിച്ച 17.03.2022 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. നഗരകാര്യ ഡയറക്ടറുടെ 26.08.2022 തീയതിയിലെ DUA/3753/2022-E4 നമ്പർ കത്ത്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 27.12.2022 തീയതിയിലെ DCKKD/11157/2022-S4 നമ്പർ കത്ത്.

ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, കൊയിലാണ്ടി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 05.11.2021 തീയതിയിൽ മരണപ്പെട്ട രാജൻ.കെ-യുടെ, മകൻ ശ്രീ.നന്ദു ബി.ആർ (കണ്ണികുളത്തിൽ വീട്, മുചുകന്ന് (പി.ഒ), കൊയിലാണ്ടി, കോഴിക്കോട് - 673307) പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. രാജൻ.കെ-യുടെ സേവനകാലം 15 വർഷവും 1 മാസവും 08 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 15.04.1965, 28.09.2006 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം (4),(5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീ.നന്ദു ബി.ആർ, എസ്.എസ്.എൽ.സി , പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തീയതി 02.03.1995 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിലാണ് (17.03.2022) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിയ്ക്കായി രാജൻ.കെ-യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊയിലാണ്ടി നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.നന്ദു ബി.ആർ-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ശ്രീ.നന്ദു ബി.ആർ-ന്റെ കുടുംബ വാർഷിക വരുമാനം 50,000/-രൂപയാണെന്ന് (അൻപതിനായിരം രൂപ മാത്രം) വില്യാപ്പള്ളി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം (2) ൽ

വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊയിലാണ്ടി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 05.11.2021 തീയതിയിൽ മരണപ്പെട്ട രാജൻ.കെ-യുടെ മകൻ ശ്രീ.നന്ദു ബി.ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി , തിരുവനന്തപുരം.

ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ), തിരുവനന്തപുരം.

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ

ജില്ലാ കളക്ടർ , കോഴിക്കോട്.

ശ്രീ.നന്ദു ബി.ആർ, കണ്ണികുളത്തിൽ വീട്, മുചുകന്ന് (പി.ഒ), കൊയിലാണ്ടി,

കോഴിക്കോട് - 673307

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

).ഉ.(കൈ) നം.45/2023/LSGD

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു1/344/2022-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-02-2023 11:15:16
സെക്ഷൻ ഓഫീസർ